# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ടിൽ ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചകൾ, വരുമാന ശേഖരണത്തിലെ കുറവ്/ ശേഖരിക്കാത്തത്, ആസ്തികളുടെ വിനിയോഗത്തിലെ കുറവ്, ചട്ടങ്ങൾ നടപ്പിലാക്കുന്നതിലെ പോരായ്മകൾ, നിഷ്ഫല ചെലവുകൾ എന്നിങ്ങനെ ₹326.77 കോടിയുടെ സാമ്പത്തിക മൂല്യം അടങ്ങിയ ഒരു വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റും ഏഴ് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ പ്രതിപാദിച്ചിരിക്കുന്നു.

## വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

പ്രൊപ്രൈറ്റി ഓഡിറ്റിനു പുറമെ, റിസ്ക് ഫാക്ടറുകളും വിഷയത്തിന്റെ കാലിക പ്രാധാന്യവും അടിസ്ഥാനമാക്കി, ചില പ്രധാന അനുവർത്തന വിഷയങ്ങളെ റെഗുലാരിറ്റി ഓഡിറ്റിനായി കണ്ടെത്തി. ഇത്തരം ഓഡിറ്റിൽ നിരീക്ഷിച്ച പ്രധാനപ്പെട്ട ന്യൂനതകൾ താഴെപ്പറയുന്ന ഖണ്ഡികകളിൽ വിശദമാക്കുന്നു.

### *കേരളത്തിലെ സർക്കാർഭൂമിയുടെ പതിച്ചുനൽകലുകൾ*

38,863 ചതുരശ്ര കിലോമീറ്റർ (1.18 ശതമാനം) വിസ്തൃതിയുള്ള കേരളം, ഇന്ത്യയിലെ ചെറിയ സംസ്ഥാനങ്ങളിലൊന്നാണ്. ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ഭൂമിയെ സ്വകാര്യ ഭൂമി, സർക്കാർഭൂമി എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. സംസ്ഥാനത്തെ റവന്യൂ ഭൂമിയുടെ പതിച്ചുനൽകലുകൾക്കെല്ലാം 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്റ്റ് (കെഎൽഎ നിയമം) ബാധകമാണ്. പ്രസ്തുത നിയമത്തിന്റെ 7-ാം വകുപ്പ് മുഖേന നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച്, കേരള സർക്കാർ, സർക്കാർഭൂമി പതിച്ചു നൽകുന്നതിനായി വിവിധ ചട്ടങ്ങൾ രൂപീകരിച്ചു. 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഗവൺമെന്റ് അസൈൻമെന്റ് നിയമവും മലബാർ ജില്ലയിൽ സർക്കാർഭൂമി പതിച്ചു നൽകലുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന എല്ലാ നിയമങ്ങളും ഉത്തരവുകളും കെഎൽഎ നിയമം നിലവിൽ വന്നതോടെ (1960 നവംബർ) പിൻവലിക്കപ്പെട്ടു. ഇടുക്കി ജില്ലയിലുള്ള ദേവികുളം താലൂക്കിലെ, കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ ഭൂമിയുടെ പതിച്ചുനൽകൽ, 1971-ലെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) നിയമവും അതിനുകീഴിൽ രൂപികരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്.

സംസ്ഥാനത്ത് ഓഡിറ്റ് പരിശോധന നടത്തിയ ജില്ലകളിലൊന്നും സർക്കാർഭൂമിയുടെയും, പതിച്ചു നൽകാവുന്ന ഭൂമിയുടെയും അംഗീകരിച്ച പട്ടിക തയ്യാറാക്കിയിട്ടില്ല. മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ, താമസ സ്ഥലങ്ങൾ ഒഴികെയുള്ള ആവശ്യങ്ങൾക്ക് പതിച്ചു നൽകാവുന്ന ഭൂമിയുടെ പരിധി 1995-ലെ കേരള മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതിലേയ്ക്കായുള്ള ചട്ടങ്ങളിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ, മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ,

പരിധിയില്ലാതെ സർക്കാർഭൂമി പതിച്ചു നൽകിയതിന് ഇടയായി. അർഹതയില്ലാത്തവർക്ക് ഭൂമി പതിച്ചുനൽകുകയായിരുന്നു. വിപണിവില ഈടാക്കാതെ ഭൂമി പതിവ് മുഖേന വിവിധ ഏജൻസികൾക്ക് ഭൂമിപതിച്ച് നൽകുകയും അത്തരം ഭൂമി വാണിജ്യ പ്രവർത്തനങ്ങൾക്ക് പോലും ഉപയോഗിക്കുകയും ചെയ്തു. പതിച്ചു നൽകരുതാത്ത ഭൂമി ക്രമരഹിതമായി പതിച്ചു നൽകിയ സംഭവങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പാട്ടവാടക പുതുക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനമെടുക്കുന്നതിൽ സർക്കാർ/ റവന്യൂ അധികാരികൾ പരാജയപ്പെട്ടത് അനധികൃതമായി ഭൂമി കൈവശം വയ്ക്കുന്നതിനൊപ്പം സർക്കാരിലേക്കുള്ള വരുമാനനഷ്ടത്തിനും കാരണമായി. പതിച്ചുനൽകിയ ഭൂമിയുടെ അന്യാധീനപ്പെടുത്തൽ തടയുന്നതിനു വേണ്ടി എല്ലാ പാട്ടങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ ഒരു സംവിധാനവും (രജിസ്ട്രേഷൻ വകുപ്പുമായുള്ള ഏകോപനം ഉൾപ്പെടുന്ന) നിലവിലില്ല. നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം നിശ്ചയിച്ചിട്ടുള്ള, ഭൂമിയുടെ പാട്ടവാടക കാലാനുസൃതമായി പുതുക്കുകയോ പാട്ടവാടകകൾ പതിവായി പിരിച്ചെടുക്കുകയോ ചെയ്യാത്തത് ഖജനാവിന് നഷ്ടമുണ്ടാക്കി. വ്യവസ്ഥകൾ ലംഘിച്ചാൽ ഭൂമി തിരിച്ചെടുക്കുന്നത് പോലുള്ള തിരുത്തൽ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടില്ല. ക്ലബ്ബുകൾക്കും മറ്റ് ഏജൻസികൾക്കും നൽകിയ ഭൂമിയുടെ പാട്ടവാടക ഒഴിവാക്കിയത് സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കി. അതുപോലെ, പതിച്ചു നൽകിയ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും നിയമങ്ങൾ ലംഘിച്ച് അന്യാധീനപ്പെടുത്തുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

സർക്കാർ ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ ശക്തമായി നേരിടേണ്ടതും ഈ നിയമലംഘനങ്ങളോട് അലംഭാവം പുലർത്തുകയോ അല്ലെങ്കിൽ കൂട്ടുനിൽക്കുകയോ ചെയ്തതിലൂടെ അതിന് പ്രേരണ നൽകിയ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ടതുമാണ്. അപ്രകാരം, പൊതു താൽപര്യങ്ങൾ നിറവേറ്റാനായി നിയമലംഘനങ്ങൾ തിരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതും അത്തരം വീഴ്ചകളുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ ചുമത്തേണ്ടതുമാണ്. അർഹതയില്ലാത്തവർക്ക് ഭൂമി പതിച്ചു നൽകിയത്, ഭൂമി പതിവ് മുഖേന പതിച്ചു നൽകിയ കേസുകളിൽ വിപണി വില ഈടാക്കാത്തത്, പതിച്ചു നൽകിയ ഭൂമി ഉദ്ദിഷ്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കാത്ത കേസുകൾ എന്നിവയിൽ ഉത്തരവാദിത്വം ചുമത്തേണ്ടതാണ്.

ഭൂമി പാട്ടവുമായി ബന്ധപ്പെട്ട് നിരവധി കോടതി കേസുകളിൽ സ്റ്റേ ഉണ്ടായി. സ്റ്റേ കാലയളവ് ഒന്ന് മുതൽ 23 വർഷം വരെയുമായിരുന്നു. ഭൂമി പാട്ടത്തിന് കൊടുത്തതുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ പോരായ്മ സുപ്രധാന വിവരങ്ങൾ നഷ്ടപ്പെടുന്നതിന് ഇടയാക്കി.

***(ഖണ്ഡിക 2.1)***

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

വിവിധ തലങ്ങളിലെ മേൽനോട്ടമില്ലായ്മയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവവും കാരണം വ്യാജ ക്ലെയിമുകൾക്കായി കേരള സർക്കാർ ധനം മുടക്കിയത്, വരുമാന ശേഖരണത്തിലെ കുറവ്/ ശേഖരിക്കാത്തത്, അധിക ചെലവ് ചെയ്തത് മുതലായ സന്ദർഭങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### *വ്യാജ ക്ലെയിമുകൾ/ പേയ്മെന്റുകൾ*

- പരിശീലന പങ്കാളികൾ സമർപ്പിച്ച നിയമന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തുന്നതിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പരാജയം പരിശീലന പങ്കാളികൾക്ക് ₹16.72 ലക്ഷത്തിന്റെ അനർഹമായ സാമ്പത്തിക നേട്ടമുണ്ടാക്കി.

***(ഖണ്ഡിക 3.1)***

### *അധിക പേയ്മെന്റ്*

- കാലതാമസം വരുത്തിയ തുകയ്ക്ക് പലിശ കണക്കാക്കുന്നതിൽ സപ്ലൈകോ ബാങ്ക് നിരക്കിന് പകരം വാണിജ്യ പലിശ നിരക്ക് തെറ്റായി പ്രയോഗിച്ചതിനാൽ ₹1.07 കോടി അധികമായി നൽകേണ്ടി വന്നു.

***(ഖണ്ഡിക 3.2)***

### *വരുമാനം സമാഹരിക്കാതിരിക്കൽ/ ഹ്രസ്വ സമാഹരണം*

- കെട്ടിടനികുതി ബാധ്യതയുള്ള കെട്ടിടങ്ങൾ വിലയിരുത്തുന്നതിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച, സർക്കാരിന് ₹31.60 കോടി വരുമാനം സമാഹരിക്കാതിരിക്കുന്നതിനോ ഹ്രസ്വ സമാഹരണത്തിനോ കാരണമായി.

***(ഖണ്ഡിക 3.3)***

- കേരള വാട്ടർ അതോറിറ്റി കെട്ടിടങ്ങളെ ഫ്ലാറ്റുകളായി തെറ്റായി തരംതിരിച്ചത് വെള്ളക്കരം ശേഖരണത്തിൽ ₹82.06 ലക്ഷത്തിന്റെ കുറവുണ്ടാകുന്നതിന് കാരണമായി.

***(ഖണ്ഡിക 3.4)***

### *റെഗുലാരിറ്റി പ്രശ്നങ്ങൾ*

- വായ്പാ സഹായത്തിനായുള്ള ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചത്

ഗുണഭോക്താക്കൾക്ക് കേരള സർക്കാർ ₹3.61 കോടിയുടെ അധിക പലിശ ഭാരം ചുമത്തുന്നതിന് കാരണമായി.

***(ഖണ്ഡിക 3.5)***

***നിഷ്ഫല ചെലവ്***

- ***പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ പ്ലാന്റേഷൻ പ്രവർത്തനങ്ങൾ***

  പിസികെഎല്ലിന് തങ്ങളുടെ പ്രവർത്തനങ്ങളിൽ സ്ഥിരമായി നഷ്ടം ഉണ്ടാവുകയായിരുന്നു. പ്രമുഖ തോട്ടങ്ങളുടെ അതായത് കശുമാവിൽ നിന്നും റബ്ബറിൽ നിന്നും ഉള്ള വരുമാനത്തിലും കുറവുണ്ടായിരുന്നു. ഉത്പാദനചെലവുകുറയ്ക്കുക, മരങ്ങളുടെ ഉത്പാദനക്ഷമതയുടെ ദൈർഘ്യം കൂട്ടുക, ടാപ്പിംഗ് തൊഴിലാളികളുടെ ലഭ്യതകുറവ് പരിഹരിക്കുക എന്നീ കാര്യങ്ങളിൽ റബ്ബർ ബോർഡ് ശിപാർശ ചെയ്ത ഉത്തമ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ പിസികെഎൽ വീഴ്ച വരുത്തി. ശാസ്ത്രീയ രീതിയിൽ റബ്ബർ മരങ്ങളുടെ പുനർ നടീൽ നിർവ്വഹിക്കുന്നതിന് വാർഷിക സെൻസസ് വിശദാംശങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പിസികെഎല്ലിന് ഉണ്ടായ വീഴ്ച, പഴക്കം ചെന്നതും പ്രായമേറിയതുമായ മരങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകുന്നതിൽ കലാശിച്ചു. തങ്ങളുടെ എസ്റ്റേറ്റുകളിൽ ശിപാർശ അനുസരിച്ചുള്ള റബ്ബർ മരങ്ങളുടെ നിബിഡത നിലനിർത്തുന്നതിലും പിസികെഎൽ പരാജയപ്പെട്ടു.

***(ഖണ്ഡിക 3.6)***

- പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറി ഫാം പദ്ധതിക്കായി പശുക്കളെ വാങ്ങാത്തതു മൂലം ₹5.54 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായി.

***(ഖണ്ഡിക 3.7)***